# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3308 19.10.2016-ലെ മറുപടിയ്ക്ക്

## പട്ടികജാതിക്കാരിയായ പഞ്ചായത്ത് പ്രസിഡന്റിനെ അധിക്ഷേപിച്ച നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി.സി.ജോർജ്ജ് | | ശ്രീ.എ.കെ ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ<br>പിന്നോക്കസമുദായ ക്ഷേമവും,<br>നിയമവും സാംസ്കാരികവും,<br>പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വളരെയധികം വിദ്യാർത്ഥികൾ പഠിക്കുന്ന ഉമ്മന്നൂർ ഗവൺമെന്റ് എൽ.പി. എസിൽ, ഉമ്മന്നൂർ ഗ്രാമ പഞ്ചായത്തിലെ പട്ടികജാതിക്കാരിയായ ഗീതാ കേശവൻകുട്ടി എന്ന വനിതാ പഞ്ചായത്ത് പ്രസിഡന്റിനെ ക്ഷണിച്ച് വരുത്തിയ ശേഷം ദേശീയ പതാക ഉയർത്താൻ അനുവദിക്കാതെ ദേശീയ പതാക ടി സ്കൂളിലെ ഹെഡ് മാസ്റ്റർ വിക്ടർ ജയിംസ് തട്ടിയെടുത്ത് പട്ടികജാതിക്കാരി പതാക ഉയർത്തേണ്ട എന്ന് പറഞ്ഞ് വേദിയിൽ നിന്നും പുറത്താക്കിയ ഹീനമായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ) | ഈ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| ബി) ഇതിനെതിരെ പ്രസ്തുത പ്രസിഡന്റ് വിദ്യാഭ്യാസ വകുപ്പിന് പരാതി നൽകിയിട്ട് യാതൊരു നടപടിയും | (ബി) | ഇക്കാര്യം വകുപ്പിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. പരിശോധിക്കുന്നതാണ്. |

| | |
|---|---|
| സ്വീകരിയ്ക്കാതെ, പതാക തട്ടിയെടുത്ത ഹെഡ് മാസ്റ്റർക്ക് അനുകൂലമായ നടപടി സ്വീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | |
| സി) പട്ടികജാതിക്കാരിയായ പഞ്ചായത്ത് പ്രസിഡന്റിനോട് കാണിച്ച അനീതി-ക്കെതിരെ നടപടി സ്വീകരിയ്ക്കാൻ തയ്യാറാകുമോ; വിശദമാക്കുമോ? | (സി) പരാതി ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**